# സ്പോൺസേർഡ് സപ്ലിമെന്റ്

**ഇന്ത്യയിൽ** നിന്ന് ആതുരശുശ്രൂഷാ രംഗത്ത് ബിരുദം നേടിയ ആ യുവാക്കൾക്ക് വിദേശ ജോലി ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ടായില്ല. യു.കെ.യിലേയ്ക്കും, അവിടെ നിന്നും അമേരിക്കയിലേയ്ക്കും അവർ ചേക്കേറി. ഈ രാജ്യങ്ങൾ മെഡിക്കൽ മേഖലയിൽ പുലർത്തി വരുന്ന ഗുണനിലവാരം അവരിൽ അമ്പരപ്പുളവാക്കി. ഇതേ നിലവാരത്തിലുള്ള ചികിത്സാ സൗകര്യവും, രോഗീപരിചരണ സംസ്കാരവും സ്വന്തം നാട്ടിൽ നൽകാനൊത്തിരുന്നെങ്കിൽ എന്നവർ ആശിച്ചു.

# പർവ്വതം മുഹമ്മദിന്റെ അടുത്തേയ്ക്ക്....

# ഹോം കെയർ മേഖലയിൽ പാശ്ചാത്യ മാതൃകയിൽ ഒരു സംരംഭം

അസ്വസ്ഥതയുളവാക്കിയ ഈ ചിന്ത അവരെ കൊണ്ടെത്തിച്ചത് ഹീലിംഗ് ഹാൻഡ്സ് ഹെൽത്ത് കെയർ എന്ന പ്രസ്ഥാനത്തിലേക്കാണ്.

അമേരിക്കയിലിരുന്നു കൊണ്ടു തന്നെയാണ് ജെയ്സ് കണ്ണച്ചാംപറമ്പിൽ, അഭിലാഷ് തറയിൽ എന്നിവർ കൊച്ചി ആസ്ഥാനമാക്കി ഈ ഫെബ്രുവരിയിൽ സമാരംഭിച്ച ഹീലിംഗ് ഹാൻഡ്സിന്റെ ചുക്കാൻ പിടിക്കുന്നത്.



*In Safe Hands*

അസുഖം പിടിപെട്ടാൽ ആശുപത്രിയെ ശരണം പ്രാപിക്കുകയല്ലാതെ മറ്റ് പോംവഴികളൊന്നും കേരളത്തിലെ ജനങ്ങൾക്ക് ഇപ്പോൾ ലഭ്യമല്ല. ഗ്രാമങ്ങളിൽ താമസിക്കുന്നവർക്ക് പലപ്പോഴും ആശുപത്രികളിൽ ചെന്നെത്തണമെങ്കിൽ കടമ്പകളേറെയാണ്. വാഹനം, ഡ്രൈവർ, ദുർഘടമായ റോഡുകൾ, അനുദിനം വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്കുകൾ – ഗുരുതരാവസ്ഥയിലുള്ള രോഗി പലപ്പോഴും ഏറെ വൈകിയാണ് ആശുപത്രികളിൽ എത്താറ്. എത്തിപ്പെട്ടാൽ തന്നെ, സ്വകാര്യ ആശുപത്രികളിലെ കാഷ്വാലിറ്റികളിൽ പോലും നീണ്ട കാത്തിരിപ്പിനു ശേഷമാണ് പലപ്പോഴും നേഴ്സിനെയോ, ഡോക്ടറെയോ കാണുന്നത്.



*തൃശൂർ അമല മെഡിക്കൽ കോളജിന്റെ ജോയിന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശേരി സി.എം.ഐ. ഹീലിംഗ് ഹാൻഡ്സ് ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ അഭിലാഷ് പോൾ സമീപം*

"അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിചരണം നിങ്ങളുടെ വീട്ടുപടിക്കൽ" (World class Rehab at your doorstep) എന്നതാണ് ഹീലിംഗ് ഹാൻഡ്സിന്റെ mission statement. എറണാകുളം, കോട്ടയം, തിരുവല്ല പ്രദേശങ്ങളിലാണ് സേവനം ആരംഭിച്ചിരിക്കുന്നത്. താമസിയാതെ തന്നെ കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.



ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെട്ടാൽ റീഹാബിലിറ്റേഷൻ സൗകര്യം ലഭ്യമല്ലാത്തതിനാൽ രോഗിയെ ഡിസ്ചാർജ് ചെയ്യുന്ന കേരളത്തിലെ ഡോക്ടർമാർ, രോഗിയ്ക്ക് ഒരു വഴി പറഞ്ഞു കൊടുക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നുണ്ട്.

ഹീലിംഗ് ഹാൻഡ്സ് മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വിവിധ കാരണങ്ങളാൽ. ഫിസിയോ, ഓക്കുപ്പേഷണൽ തെറാപ്പികൾ ആവശ്യമുള്ള രോഗികളെയാണ്. ഇതുകൂടാതെ മറ്റനേകം സേവനങ്ങളും ഇവരിൽ നിന്നും ലഭ്യമാണ്. ഹോം നഴ്സുമാർ നൽകുന്നതിൽ നിന്നും വ്യത്യസ്തമായ നഴ്സിംഗ് സേവനങ്ങൾ ഇവർ നൽകി വരുന്നു. ഇതിൽ എടുത്തു പറയേണ്ട ഒന്ന്, വീടുകളിൽ ചെന്ന് നടത്തുന്ന ക്ലിനിക്കൽ ഇൻവെസ്റ്റിഗേഷൻസാണ്. വിദേശത്തു താമസിക്കുന്നവരുടെ നാട്ടിലുള്ള പ്രായമായ മാതാപിതാക്കൾക്ക് ഇത് വലിയ അനുഗ്രഹം തന്നെയാണ്. വീടു വിട്ടു പോകാതെ ആഴ്ചയിലൊരിക്കൽ (അല്ലെങ്കിൽ മാസത്തിലൊരിക്കൽ) രക്തത്തിലെ പഞ്ചസാരയുടെ അളവ് രക്തസമ്മർദ്ദം മുതലായവ ഹീലിംഗ് ഹാൻഡ്സിന്റെ പ്രഗത്ഭരായ പ്രതിനിധികൾ വീട്ടിൽ ചെന്നു നടത്തുകയും, ടെസ്റ്റ് റിസൾട്ട് ഇമെയിൽ വഴി വിദേശത്തുള്ള മക്കളെ അറിയിക്കുകയും ചെയ്യുന്നു.



നിലവാരം വിട്ടുവീഴ്ചയില്ലാതെ നിലനിർത്തുന്നതിന്റെ ഭാഗമായി ആധുനികോപകരണങ്ങളുമായി പരിചയിച്ച് വിദേശ ചികിൽസാ രംഗത്ത് അനുഭവസമ്പത്തുള്ളവരിൽ നിന്ന് ഉയർന്ന കാര്യക്ഷമതയുള്ളവരെ മാത്രം തിരഞ്ഞെടുത്ത് അവർക്ക് ദീർഘനാളത്തെ ട്രെയിനിംഗും നൽകിയാണ് ഹീലിംഗ് ഹാൻഡ്സ് ചുമതലകൾ ഏൽപ്പിച്ചു കൊടുക്കുന്നത്.



കേരളത്തിലെന്നല്ല, ഇന്ത്യയിൽ തന്നെ പാശ്ചാത്യ മാതൃകയിൽ ഇദംപ്രഥമമായി ആരംഭിച്ചിരിക്കുന്ന ഹീലിംഗ് ഹാൻഡ്സിനെക്കുറിച്ചുള്ള എല്ലാ വിശദവിവരങ്ങളും www.healinghandshc.com എന്ന വെബ്സൈറ്റിൽ നിന്നു ലഭ്യമാണ്. സേവനം ആവശ്യമുള്ളവർക്ക് സൈറ്റിൽ നിന്നു ലഭിക്കുന്ന റഫറൽ ഫോം പൂരിപ്പിച്ചോ, വിവിധ രാജ്യങ്ങളിലെ വിലാസത്തിൽ, അല്ലെങ്കിൽ ഫോൺ നമ്പരിൽ വിളിച്ചോ, ഹീലിംഗ് ഹാൻഡ്സുമായി ബന്ധപ്പെടാവുന്നതാണ്.